# 'സുവിശേഷഘോഷണത്തിന്റെ പ്രസക്തി'

## യോഹന്നാൻ 1:41

''അവൻ തന്റെ സഹോദരനായ ശിമോനെ ആദ്യം കണ്ടു അവനോടു: ഞങ്ങൾ മശീഹയെ എന്നു വെച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു.''

മറ്റു സുവിശേഷങ്ങളിൽ നിന്നു വ്യത്യസ്തമായി യോഹന്നാന്റെ സുവിശേഷത്തിന്റെ 1–)ം അദ്ധ്യായത്തിൽ തന്നെ യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ കാലഘട്ടത്തെക്കുറിച്ചു വിവരിച്ചു കൊണ്ടാണു തുടങ്ങുന്നത്. ഇവിടെ നാം വായിച്ച വേദഭാഗത്തെ ഒരുപക്ഷെ നമുക്ക് വേണമെങ്കിൽ നമ്മുടെ ജീവിതത്തിലെ വിലമതിക്കാനാവാത്ത ഒരു വേദഭാഗമായി കാണാം; കാരണം ഇവിടെ നമ്മുടെ രക്ഷകനായ മശ്ശീഹയെ കാണുന്നതാണു രംഗം. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം കർത്താവിനെ വാസ്തവത്തിൽ കണ്ടുമുട്ടുമ്പോൾ അവർക്ക് അതു സാക്ഷ്യപ്പെടുത്താതിരിക്കുവാൻ സാധിക്കുകയില്ല, കാരണം അവരെ സംബന്ധിച്ച് അതു വളരെയധികം സന്തോഷവും അതിലുപരി ജീവിതത്തിലെ തന്നെ ഒരു മാറ്റത്തിന്റെയും അവസ്ഥയായിട്ടു വേണമെങ്കിൽ നമുക്ക് കാണാം. അതിനാലാണു സുവിശേഷം നാളിതുവരെയും ഇങ്ങനെ ലോകമെമ്പാടും പ്രചരിച്ചു കൊണ്ടിരിക്കുന്നത്.

അതു തന്നെയല്ലെ അന്ത്രയോസും ഇവിടെ ചെയ്തത്. അവനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിൽ ലഭിക്കാവുന്ന ഏറ്റവും വലിയ ഒരു വാർത്തയാണു യോഹന്നാൻ അവിടെ സാക്ഷ്യപ്പെടുത്തിയത്. (1:36) ഇതാ ദൈവത്തിന്റെ കുഞ്ഞാട് എന്നുള്ള സാക്ഷ്യപ്പെടുത്തൽ മതിയായിരുന്നു അന്ത്രയോസിനു തങ്ങൾ വളരെ നാളുകളായി കാത്തിരുന്ന തങ്ങളുടെ രക്ഷകനായ മശ്ശിഹയെ തിരിച്ചറിയാൻ. തന്റെ സഹോദരനായ ശീമോൻ പത്രോസിനോട് അന്ത്രയോസ് ഇതു പറയുമ്പോൾ അതു അവനു വളരെയധികം ആശ്ചര്യം ജനിപ്പിക്കുന്നതും അവനു വിശ്വാസ്യജനകവുമായ ഒരു വാർത്തയായിരുന്നു, കാരണം തന്റെ സ്വന്ത സഹോദരനിൽ നിന്നുമാണിത് കേട്ടിരിക്കുന്നത്. അത് അവനെ തന്റെ സഹോദരനൊപ്പം ക്രിസ്തുവിനെ കാണുന്നതിന്നു വേണ്ടി അവന്റെ അടുക്കൽ പോകുവാനിടയാക്കി.

ഒന്നാലോചിച്ചുനോക്കിയാൽ അന്ത്രയോസ്സിന്റെയും പത്രോസ്സിന്റെയും കാലം എന്നു പറയുന്നത് യേശുവിന്നോടൊപ്പമുള്ള യഥാർത്ഥത്തിലുള്ള ജീവിതത്തിന്റെ കാലമായിരുന്നു. അവർക്ക് കർത്താവിനെ കാണുവാനും, സംസാരിക്കുവാനും, വാസ്തവത്തിൽ അറിയുവാനും അവന്റെ സാമീപ്യം അനുഭവിക്കുവാനുമുള്ള ഭാഗ്യം ലഭിച്ചവരാണ്. എന്നാൽ ഇന്നു നമ്മുടെ അവസ്ത ഒന്നെടുത്തുനോക്കിയാൽ; നമ്മുടെ മുമ്പിൽ വരച്ചു

കാട്ടിയിരിക്കുന്ന ഈ മശ്ശീഹയെ നാം ഇന്നു എത്രമാത്രം സന്തോഷത്തോടെയും ആഗ്രഹത്തോടെയും മറ്റുള്ളവർക്ക് സാക്ഷ്യപ്പെടുത്തുന്നുണ്ട്.? ഒരു പക്ഷെ നമ്മളോരോരുത്തരും അങ്ങനെ ചെയ്യുന്നവരായിരിക്കാം. പക്ഷെ ഇവിടെ ഒന്നു നോക്കിക്കേ അന്ത്രയോസ് വെറും ചുരുങ്ങിയ വാക്കിലാണു ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തിയത് “ഞങ്ങൾ മശ്ശീഹയെ കണ്ടെത്തിയിരിക്കുന്നു”. അവിടെ അവൻ വളരെ നീണ്ട ഒരു ആമുഖത്തിനോ അല്ലെങ്കിൽ ഒരു വലിയ പ്രസംഗത്തിനോ ഒന്നും മുതിരാതെ മശ്ശീഹയെ കണ്ടെത്തിയ കാര്യം എത്രയും പെട്ടെന്ന് മറ്റുള്ളവരെ കൂടി അറിയിക്കുക എന്നതായിരുന്നു അവന്റെ അപ്പോഴത്തെ ലക്ഷ്യം. ആ ആഗ്രഹത്തിന്മേൽ ദൈവം അവന്റെ വാക്കിലൂടെ പ്രവർത്തിച്ചതിന്റെ ഫലമായി പത്രോസിനെ കർത്താവിന്റെ അടുക്കലേക്ക് നയിക്കുന്നതിന്നു കാരണമായിത്തീർന്നു.

ഇതു നമ്മെ പഠിപ്പിക്കുന്ന ഒരു വലിയ കാര്യമുണ്ട്, ഒരു പക്ഷെ നാം ഒരു വലിയ പ്രാസംഗികനോ, വാക്സാമർഥ്യമുള്ളവനോ ഒന്നും ആയിരിക്കുകയില്ല പക്ഷെ നാം അനുഭവിച്ച, കണ്ടെത്തിയ ദൈവത്തെയും അവന്റെ പ്രവർത്തിയുടെ ഫലത്തെയും കുറിച്ച് മറ്റുള്ളവരോട് സാക്ഷ്യപ്പെടുത്തുന്നതിന്ന് ഇതൊന്നും ആവശ്യമില്ല എന്ന്, മറിച്ച് നിനക്ക് അതിന്നു നിന്റെ ഹൃദയത്തിൽ ആഗ്രഹം ഉണ്ടെങ്കിൽ നിന്റെ ചുരുങ്ങിയ വാക്കിലൂടെ പ്രവർത്തിക്കാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. ബാക്കിയെല്ലാം അവൻ കരുതിക്കൊള്ളും. ഒരു കാര്യം ഓർത്തുകൊള്ളുക നമുക്ക് ആരുടെയും ആത്മാവിനെ രക്ഷിക്കുവാനുള്ള കഴിവോ ശക്തിയോ ഇല്ല, മറിച്ച് ദൈവത്തിന്റെ ആത്മാവ് നമ്മിലൂടെ പ്രവർത്തിക്കുമ്പോൾ നാം പൂർണ്ണശക്തരായിത്തീരുകയും അതുമൂലം നമ്മുടെ ഒരു വാക്കിലൂടെ ചില ആത്മാക്കൾ ദൈവത്തിങ്കലേക്ക് തിരിയുകയും ചെയ്യും.

അങ്ങനെയെങ്കിൽ ഇന്നു മുതൽ നാം തയാറാവണം, പിന്തിരിവിന്റെ അവസ്ഥയിൽ ആയി രുന്നു, എന്നാൽ എന്നിലൂടെ എന്റെ ദൈവത്തിന്നു പ്രവർത്തിക്കുവാൻ സാധിക്കും എന്നു ഞാൻ വിശ്വസിക്കുന്നു, അങ്ങനെയെങ്കിൽ നിന്റെ സുവിശേഷം പ്രചരിപ്പിക്കുവാൻ ഈ എളിയ ജീവിതത്തെ എടുത്തുപയോഗിച്ചാലും എന്നതായിരിക്കണം നമ്മുടെ പ്രാർത്ഥന. അതിനായി പരിശുദ്ധാത്മാവിന്റെ അധിക ബലം ധരിപ്പാൻ ദൈവം നമ്മെ ഓരോരുത്തരെയും ഒരുക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

പരാമർശം :

പുറപ്പാടു 4:10–12

“മോശെ യഹോവയോടു: കർത്താവേ, മുമ്പേ തന്നെയും നീ അടിയനോടു സംസാരിച്ച ശേഷവും ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല; ഞാൻ വിക്കനും തടിച്ച നാവുള്ളവനും ആകുന്നു എന്നു പറഞ്ഞു. അതിന്നു യഹോവ അവനോടു: മനുഷ്യനു വായ്കൊടുത്തതു ആർ? അല്ല, ഊമനെയും ചെകിടനെയും കാഴ്ചയുള്ളവനെയും കുരുടനെയും

ഉണ്ടാക്കിയതു ആർ? യഹോവയായ ഞാൻ അല്ലയോ? ആകയാൽ നീ ചെല്ലുക; ഞാൻ നിന്റെ വായോടുകൂടെ ഇരുന്നു നീ സംസാരിക്കേണ്ടതു നിനക്കു ഉപദേശിച്ചുതരും എന്നു അരുളിച്ചെയ്തു.''

ബ്രദർ ബിനു ബേബി ആലപ്പുഴ 14